DESPATCHED
On...05/03/2020

7/1/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ AP. 244(2)/2019/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **2230**/എസ്.ഐ.സി-ജി 6/19)
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീ.സതീഷ് കുമാർ ഒ.ബി.,**
**Type - IV/30, NPOL. സാഗർ കോർട്ടേഴ്സ്,**
**തൃക്കാക്കര, കൊച്ചി – 682 021.** } **അപ്പീൽ ഹർജിക്കാരൻ**

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അക്കൗണ്ട്സ് ഓഫീസർ(എ.ബി.പി.കെ.),
കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | – |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 27.11.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 18.12.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 11.01.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 07.02.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 13.02.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 20.09.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. സതീഷ് കുമാർ ഒ. ബി., 07.02.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 13.02.2019ന് കമ്മീഷൻ

ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.244(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും ലഭ്യമാക്കിയില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 27.11.2018ന് നൽകിയ മറുപടിയിൽ ടിയാൻ ആവശ്യപ്പെട്ട വിവങ്ങൾ ഉള്ളടക്കം ചെയ്യുന്നുവെന്നും സർക്കാർ കോളേജുകളിലെ മലയാളത്തിന്റെ വർക്ക് ലോഡ് സംബന്ധിച്ച വിവരങ്ങൾ , ഗസ്റ്റ് അധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ എന്നിവ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്നും ടി വിവരം അതാത് കോളേജുകളിലെ എസ്.പി.ഐ.ഒ.യുമായി ബന്ധപ്പെട്ടു ലഭ്യമാക്കാവുന്നതാണെന്നും 2019 കലണ്ടർ വർഷത്തിൽ രണ്ട് പ്രതീക്ഷിത ഒഴിവുകളാണുള്ളതെന്നും 2018മുതൽ 2020വരെ മൂന്നു അധ്യാപകർ വിരമിക്കുന്നുണ്ടെന്നുമാണ് അറിയിച്ചത്. ടി മറുപടിയിൽ തൃപ്തനാകാതെ സമർപ്പിച്ച ഒന്നാം അപ്പീലിന് 11.01.2019ന് നൽകിയ മറുപടിയിൽ മലയാളം മെയിൻ വിഷയമായും സബ്സിഡിയറി വിഷയമായും പഠിപ്പിക്കുന്ന കോളേജുകളുടെ വിവരങ്ങൾ അനുബന്ധരേഖയായി ഉൾക്കൊള്ളിക്കുന്നുവെന്നും ടിയന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം മറ്റൊരു പൊതുഅധികാരിയുടെ കൈവശം ഉണ്ടെങ്കിലോ മറ്റൊരു പൊതു അധികാരിയുടെ പ്രവർത്തനങ്ങളുമായി കൂടുതൽ ബന്ധപ്പെട്ടിരിക്കുമ്പോഴോ ആണ് അപേക്ഷ കൈമാറ്റം ചെയ്യേണ്ടതെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്ന വിവരം വളരെയധികം പൊതുഅധികാരികളുമായി ബന്ധപ്പെട്ടതായതിനാലാണ് ടിയാന്റെ അപേക്ഷ ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിക്കാൻ നിർദ്ദേശിച്ചതെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 18.09.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായും ലഭ്യമായി

ല്ലെന്ന് ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയ്ക്കും അപ്പീലിനും മറുപടി നൽകിയിട്ടുണ്ടെന്നും ഗസ്റ്റ് അദ്ധ്യാപകരുടെ എണ്ണം, വർക്ക് ലോഡ് എന്നിവ സംബന്ധിച്ചുള്ള വിവരം ലഭ്യമല്ലെന്നും അതാതു കോളേജുകളിലെ എസ്.പി.ഐ.ഒ. മാർക്ക് അപേക്ഷ സമർപ്പിക്കാൻ ഹർജിക്കാരന് നിർദ്ദേശം നൽകിയിരുന്നുവെന്നും എന്നിരുന്നാലും എല്ലാ കോളേജുകളിലും മെയിൽ ചെയ്തിട്ടുണ്ടെന്നുമാണ്. എന്നാൽ വിവരാവകാശ നിയമം 6(3) പ്രകാരം കേരളത്തിലെ എല്ലാ കോളേജുകളിലെ എസ്.പി.ഐ. ഒ. മാർക്കും അയച്ചുകൊടുക്കാൻ വ്യവസ്ഥയില്ലെന്നും മെയിൽ അയച്ചതു പ്രകാരം ടി ഓഫീസുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ഹർജിക്കാരന് പട്ടികരൂപത്തിൽ നൽകണമെന്നും ആയതിന്റെ പകർപ്പ് ടി ഓഫീസിൽ ഹാജരാക്കണമെന്നും കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം 03.10.2019ന് കമ്മീഷനിൽ ഹാജരാക്കിയ കത്തിൽ 50 ആർട്സ് & സയൻസ് കോളേജുകളിൽ നിന്നും ഇ മെയിൽ മുഖേന നിലവിൽ ലഭ്യമായ രേഖകളുടെ പകർപ്പ് ഹർജിക്കാരന് നൽകിയിട്ടുണ്ടെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ജനുവരി 07-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/